(സി) ഐ. ആർ. ഇ. എൽ.-ൽ മൊത്തം 1047-ഓളം തൊഴിലാളികളും കെ. എം. എം. എൽ.-ൽ മൊത്തം 1950-ഓളം തൊഴിലാളികളും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

## ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ നടപടി

*22 [623] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുക, ഏകോപിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങളും സഹായങ്ങളും നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ നിയോജകമണ്ഡലത്തിൽ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ നടത്തി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ പ്രോത്സാഹനം നൽകുമോ;

(ഡി) ഇത്തരം ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റുകൾ വഴി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സർക്കാർ, നിയമപരമായ ഇളവുകളും സാമ്പത്തികാനുകൂല്യങ്ങളും നൽകാൻ തയ്യാറാകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ, ബി) ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുവാൻ ആലോചനയില്ല, എന്നാൽ ആഗോള നിക്ഷേപക സമ്മേളനത്തിനു മുൻപായി കേരളത്തിലെ വ്യവസായ കരുടെ സമ്മേളനം സംഘടിപ്പിച്ചിരുന്നു.

(സി, ഡി) ചെറുകിട ഇടത്തരം വ്യവസായമേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ജില്ലാതല, സംസ്ഥാനതല കൺവെൻഷനുകളും റോഡ് ഷോകളും നടത്തുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. പുതിയതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് നിയമപരമായ ഇളവുകളും സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നുണ്ട്.

## അനധികൃതമായി നിവോൾവിംഗ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ നടപടി

*23 [624] ശ്രീ. ടി. പി. എം. സാഹിർ:
,, യു. സി. രാമൻ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly